⇨ *കാട് നാടായി മാറിയ പ്രദേശങ്ങളിലൂടെയായിരുന്നു കൂടുതലും കടന്നുപോയത്* ⇨

പശ്ചിമഘട്ട സംവാദം തടരുന്നു...

# അവർ മനസ്സിലാക്കിയ കാട് എന്ന സത്യം

നഗരത്തിൽ ഉയരുന്ന നിർമ്മിതികളാണ് പശ്ചിമഘട്ടത്തെ മരുഭൂമിയാക്കുന്നതെന്ന് തിരിച്ചറിയുന്ന മലയോരജതയുടെ ജീവിതാനുഭവങ്ങളെ പകർത്തുന്നു

**ഫ്രാൻസിസ് ഞാറയ്ക്കൽ**

**എന്തിനോ** എങ്ങനെയോ തോന്നിയ പച്ചപ്പിനോടുള്ള താത്പര്യമാണ് എന്നെ കാട്ടിലേക്കെത്തിച്ചത്. ആറാം ക്ലാസ് വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് ബാലസംഘത്തിലൂടെ ഇരുങ്ങോൾ കാവിലേക്കും, ഭൂതത്താൻകെട്ടിലേക്കുമുള്ള ആദ്യ യാത്ര. എപ്പോഴും വനം എന്നെ മദിപ്പിച്ചുകൊണ്ടിരുന്നെങ്കിലും അവിടേക്കെത്താൻ എനിക്ക് വഴികളറിയില്ലായിരുന്നു. വന്യജീവി, കാട്ടാന കണക്കെടുപ്പുകളായിരുന്നു ആശ്വാസം. അപ്രതീക്ഷിതമായി പീച്ചിയിൽ നടന്ന ഒരു വനയാത്രയിലൂടെ കൊച്ചിൻ അഡ്വഞ്ചർ ഫൗണ്ടേഷന്റെ ഭാഗമാവുകയും ഇന്നും യാത്രകൾ ചെയ്തുകൊണ്ടിരിക്കുന്നു. പക്ഷെ പല യാത്രകളും എനിക്ക് തൃപ്തി നൽകാറില്ലായിരുന്നു. കൂട്ടുകാർ വളരെ നന്നായി എന്നൊക്കെ പറയുമ്പോഴും ഞാൻ അന്വേഷിക്കുകയായിരുന്നു കാണാൻ ആഗ്രഹിച്ച കാട് ഇതായിരുന്നോ എന്ന്. ഓരോ യാത്രകളും അത് ബോധ്യപ്പെടുത്തിക്കൊണ്ടേയിരുന്നു. വനം എന്ന എന്റെ കാഴ്ചപ്പാടിലുണ്ടായിരുന്ന പലയിടങ്ങലും ഇന്ന് നാടും വനംവകുപ്പിന്റെ തോട്ടങ്ങളും കീഴടക്കിക്കഴിഞ്ഞു. എന്തെങ്കിലും ചെയ്യണമെന്ന് ആഗ്രഹം യൂത്ത് ഡയലോഗിലൂടെ എന്നെ പശ്ചിമഘട്ട സംവാദ യാത്രയിലെത്തിച്ചു.

ഏപ്രിൽ 12ന് കാസർകോഡ് ബേഡകത്ത് ഉദ്ഘാടനം ചെയ്ത സംവാദ യാത്ര മെയ് 31ന് അഗസ്താർകൂടത്തിന്റെ താഴ്‌വാരത്ത് കാപ്പുകാടാണ് സമാപിച്ചത്. കാട് നാടായി മാറിയ പ്രദേശങ്ങളിലൂടെയായിരുന്നു കൂടുതലും കടന്നുപോയത്. വിവിധ ജില്ലകളിൽ നിന്നായി 40 ഓളം പേർ സ്ഥിരാംഗങ്ങളും, ഒരു ദിവസം മുതൽ ദിവസങ്ങളോലവും നൂറുകണക്കിന് പേർ യാത്രകളിൽ പങ്കാളികളായി എത്തി. ദിവസേന അവലോകനങ്ങൾ നടത്തുകയും, പ്രദേശത്തിന്റെ പ്രത്യേകതകൾ ഉൾക്കെണ്ടുകൊണ്ട് യാത്രയ്ക്ക് രൂപഭേദം വരുത്തുകയും ചെയ്തിട്ടുണ്ട്. സംഘം എത്തിച്ചേരുന്ന വീട്ടിൽ ആ കുടുംബം താമസം തുടങ്ങിയതുമുതലുള്ള അനുഭവങ്ങൾ ശേഖരിക്കാനാണ് ശ്രമിച്ചത്. പ്രായമുള്ളവർ കൂടുതൽ തുറന്ന ഇടപെടൽ നടത്തിയായി അനുഭവപ്പെട്ടു.

പശ്ചിമഘട്ടം സംരക്ഷിക്കപ്പെടണമെന്നതിൽ എല്ലാ ജനങ്ങൾക്കും ഏതാണ്ട് ഓരോ അഭിപ്രായം തന്നെയാണുള്ളത്. അങ്ങനെയൊരു നിലപാടിലേക്ക് അവർ എത്തിച്ചേർന്നത് ജീവിതാനുഭവങ്ങളിലൂടെയാണെന്ന് പലരും വിശദീകരിച്ചു. കാടുതെളിച്ച്, താണിയൻ കൊയ്ത്, കപ്പയും കൊടിയും നട്ട്, നാടൻ നെല്ല് വിളയിച്ച് നന്മയുടെ നൂറുമേനി കൊയ്തിരുന്നകാലത്തെ സുഗമു

ള്ള ഓർമ്മകൾ അവർ പങ്കുവെച്ചു. പിന്നീട് ആധുനിക വിത്തുകളും കൃത്രിമ വളങ്ങളും കീടനാശിനികളും നൽകി മണ്ണ് നശിപ്പിക്കുയും, രോഗം വിതറുകയും വിത്തിന്റെ അവകാശികളായ കർഷകനെ യന്ത്രമനുഷ്യരാക്കി തീർക്കുകയും, കോർപ്പറേറ്റുകൾക്ക് അടിമപ്പെടുത്തുകയും ചെയ്ത ഭരണകൂടത്തോടും രാഷ്ട്രീയ പ്രസ്ഥാനങ്ങളോടും ഉള്ള വെറുപ്പ് പ്രകടിപ്പിക്കാൻ മിക്കവരും മടികാട്ടിയില്ല.

മാറുന്ന കാലാവസ്ഥയും മരിക്കുന്ന മണ്ണും കാണാത്ത ആഴത്തിലേക്ക് താഴ്ന്ന കിണറും മാറാ രോഗങ്ങളുടെ അതിപ്രസരണവും സഹ്യാദ്രിയിൽ നിന്നും ഒരു കുടിയിറക്കിന് ഇനി അധികം കാലമില്ലെന്ന് ബോധ്യം സൃഷ്ടിച്ചു. ഭക്ഷണം കിട്ടാതെ വന്യജീവികൾ അവരുടെ മുൻ നാടുകളിലേക്കിറങ്ങുന്നതിന് മുഖ്യക്കാരണക്കാർ സ്വാഭാവിക വനങ്ങൾ ഇല്ലാതാക്കി തോട്ടങ്ങൾ വർദ്ധിപ്പിക്കുന്ന വനവകുപ്പാണെന്ന് അവർ പറയുന്നു. മലയോര ജനതയുടേയും, കർഷകരുടെയും ഉന്നമനത്തിനെന്ന പേരിൽ ഓരോ കാലത്തും സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ തങ്ങളുടേതായ സമ്പത്തുകളും, നാട്ടറിവുകളും നഷ്ടപ്പെടുത്തുന്നവയായിരുന്നു എന്നും അവർ തിരിച്ചറിയുന്നുണ്ട്. മലോയവാസികളെ മാത്രം നിയന്ത്രണങ്ങൾക്ക് വിധേയരാക്കുകയും, ഈ മുഴുവൻ മലനിരകളുടെയും ശോഷണത്തിന് കാരണഭൂതരായ നഗരവാസികളുടെ ആർഭാടങ്ങൾക്ക് തോന്നുംപോലെ നടക്കാമെന്നതും അവരെ ഗാഡ്ഗിൽ-കസ്തൂരി രംഗൻ റിപ്പോർട്ടുകൾക്കെതിരെ പടവെട്ടാൻ പ്രേരിപ്പിച്ചു. യഥാർത്ഥത്തിൽ നിയന്ത്രണങ്ങൾ വേണ്ടത് നഗരങ്ങളിലാണെന്നും അവർ കടുത്ത ഭാഷയിൽ പ്രതികരിച്ചുകൊണ്ടിരുന്നു. നഗരത്തിൽ ഉയരുന്ന ഓരോ നിർമ്മിതികളും പശ്ചിമഘട്ടത്തെ മരുഭൂമിയാക്കുകയാണെന്ന് അവർ ചൂണ്ടിക്കാട്ടി.

മരങ്ങൾ ഇത്രയധികം മലയിറങ്ങിയ മറ്റൊരു കാലം കാണില്ല. പെരുമ്പാവൂരിലുള്ള 'തടിമേർച്ചറികൾ' സ്റ്റേക്ക് ചെയ്യാനുള്ള ഇടം കണ്ടെത്താൻ പാടുപെട്ടു. മലനിരകൾ ഏറ്റവും അധികം സംരക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നത് ഇടുക്കി, വയനാട് നിവാസികൾ തന്നെയാണ്. നിയമങ്ങളോ നിർദ്ദേശങ്ങളോ അടിച്ചേൽപ്പിക്കപ്പെട്ടുകൊണ്ട് ഒന്നും സംരക്ഷിക്കാനോ നിലനിർത്താനോ കഴിയില്ലായെന്നും അവരുടെ അഭിപ്രായങ്ങൾക്കുകൂടി പരിഗണന നൽകിക്കൊണ്ട്, അവരുടെ കൂടി നിലനിൽപ്പിന്റെ അടിസ്ഥാനമാണ് പശ്ചിമഘട്ട സംരക്ഷണം എന്ന് ബോധ്യപ്പെടുത്താൻ കഴിഞ്ഞാൽ മാത്രമെ എന്തെങ്കിലും സാധ്യതകൾ നമുക്ക് മുന്നിലുള്ളൂ.



⇨ *വയനാട് ഒരു പ്രത്യേക സംരക്ഷിത പ്രദേശമാക്കി പ്രഖ്യാപിക്കണം* ⇨

ഏപ്രിൽ 14ന് വൈകീട്ട് കൊന്നക്കാട്ടാണ് ഞാൻ യാത്രയിൽ ചേരുന്നത്. ചിറ്റാരിക്കലും ചെറുപുഴയും ആലക്കോടും മെല്ലാം നല്ല സ്നേഹസംവാദങ്ങളാണ് നടന്നത്. കെട്ടിയൂരും അമ്പാഴത്തോടും കടന്ന് വയനാട് എത്തിയ ഞങ്ങളെ മാറിയ കാലാവസ്ഥയാണ് സ്വാഗതം ചെയ്തത്. കമ്പിള്ളിപ്പുതപ്പ് ബാഗിൽ ഭദ്രമായിരുന്നു. ചെറുവയൽ രാമോട്ടനെന്ന വിത്ത് സംരക്ഷകന്റെ താമസയിടം മറ്റോതോ ലോകത്ത് എത്തിയ അനുഭവമാണ് യാത്രാംഗങ്ങൾക്ക് നൽകിയത്.

അന്ന് ഉച്ചയോടെ പനമരത്ത് എത്തിച്ചേരാനായിരുന്നു നിർദ്ദേശം. എസ്റ്റേറ്റ് ജംഗ്ഷനിൽ എത്തിയപ്പോൾ ഇടത്തേക്ക് തിരിഞ്ഞ് ദാസനക്കരെ വഴിയുള്ള വളഞ്ഞ വഴിയാണ് ഞങ്ങൾ തെരഞ്ഞെടുത്തത്. അരക്കിലോമീറ്ററോളം നടന്ന ശേഷം ആണ് ഞങ്ങൾ അഞ്ചു പേർ ആ

ഇതാ ഈ മുറ്റത്ത് പുലിം നരീം കടുവേം വരുവായിരുന്നു. ഞങ്ങട പഴമക്കാർക്ക് നൂറുകണക്കിന് കന്നുകാലികളുണ്ടായിരുന്നു. നരിം പുലീം ശല്യമാകുമ്പോ മാത്രം നായാട്ടും. കാർന്നോമാരായിട്ട് കടുവ ചങ്ങാത്തത്തിലായിരുന്നു. വഴി തെറ്റിയാ കുടിയിലേക്ക് വഴികാട്ടിയിരുന്നത് അവരാ, കടുവകൾ.

വീട്ടിലേക്കിറങ്ങിയത്. ചെടികൾക്കിടയിലൂടെ ഇടവഴി താഴേക്ക് ചെല്ലുമ്പോൾ പഴയ ഓടുവീടിന്റെ അടുക്കള ഭാഗം കടന്ന് മുറ്റത്തെത്തി. ചെളി മെഴുകിയ മുറ്റം വലതുവശത്ത് പശുത്തൊഴുത്ത്, താഴെ പലതരം കൃഷികൾ, തെളിഞ്ഞ വെള്ളം, ഒത്തിരി ആഴമുള്ള കിണർ. 10 മിനിറ്റോളം കാത്തിരിപ്പിന് ശേഷമാണ് അദ്ദേഹം വന്നത്. 'ക്ഷമിക്കണം, കഞ്ഞികുടിക്കുകയായിരുന്നു'. രാവിലെ പാടത്തെ പണി കഴിഞ്ഞ് പ്രഭാത ഭക്ഷണം കഴിക്കുകയായിരുന്നുവെന്ന് അദ്ദേഹം 20 രൂപ ഞങ്ങൾക്ക് നേരെ നീട്ടി. പിരിവുകാരല്ലായെന്നും, അല്പ സമയമാണ് ഞങ്ങൾക്കുവേണ്ടതെന്ന് അറിയിച്ചപ്പോൾ സന്തോഷത്തോടെ കേളുവേട്ടൻ ഞങ്ങളോട് സഹകരിച്ചു. തലമുറകളായി ഒഴികൊല്ലിയിൽ കഴിയുന്നവർ പാരമ്പര്യമായി കൈമാറി വന്ന കൃഷി ശീലുകളും സംസ്ക്കാരവും കൈവിടാതെ ഇന്നും മണ്ണിൽ പൊന്ന് വിളയിക്കുന്ന കുറിച്യ തറവാട്ടിലെ മുതിർന്ന അംഗങ്ങളിലൊരാൾ. ഓർമ്മകളിലേക്ക് ഞങ്ങളെയും അദ്ദേഹം കൂട്ടിക്കൊണ്ടുപോയി. പഴമയിലേക്ക് കടക്കുന്തോറും അദ്ദേഹത്തിന്റെ മുഖത്ത് കൂടുതൽ പ്രകാശം വിരിയുന്നതുകാണാമായിരുന്നു. 'പഴയ നെല്ലാ ലാഭം. വെളിയൻ, തൊണ്ടി, ചെന്നെല്ല് എല്ലാം ശെയ്യുമായിരുന്നു. ഉറവുള്ളപ്പോൾ രണ്ട് കൃഷി ചെയ്തിരുന്നു. അതിന്റെ രുചി മറക്കാൻ ഒക്കൂല. ഇന്ന് സർക്കാർ ഓരോന്നു തരും. നെല്ലിനും മരുന്നും മറ്റും അടിക്കണം. മണ്ണ് ശത്തുപോകയാ. കാലാവസ്ഥയും, മാറിമറിയുന്നു. വെള്ളം തീരെ കുറയുന്നു. ആകാശം കാണാത്ത പുഴകളായിരുന്നു പനമരത്ത് ഇന്ന് കടപ്പുറം പോലാണ്.'

ഇതിനിടയിൽ ചന്തുവേട്ടനും, ട്രൈബൽ പ്രൊമോട്ടർ മല്ലികയുമെത്തി. കൂട്ടുകുടിയിലെ പ്രധാനിയാണ് ചന്തുവേട്ടൻ. മൂത്തയാളാണെങ്കിലും കേളുവേട്ടൻ എഴുന്നേറ്റുനിന്ന് ആദരവറിയിച്ചു. 'സാറമ്മാരെ അത് നടപ്പാക്കരുത്'. പ്രമോട്ടർ പറഞ്ഞു. 'പുരയ്ക്കെല്ലാം പച്ചപെയിന്റ് അടിക്കണം. സന്ധ്യയ്ക്ക് വിളക്ക് കത്തിക്കാൻ ഒക്കോ. കൂടാതെ വന്യമൃഗ ശല്യവും തുടങ്ങിയ ആവലാധികൾ പങ്കുവെച്ച് മല്ലിക പോയി.

'നിങ്ങൾക്കറിയോ, ഞങ്ങൾ ജനിക്കുമ്പോ ഇവിടെല്ലാം കാടാ, ഞങ്ങൾ കുടിക്കാർ മാത്രേ ഇവിടുണ്ടായുള്ളൂ. പഴനെല്ല് കൃഷിയും, കാട്ട് കിഴങ്ങ് തിന്നും ജീവിച്ചിരുന്ന കാലം. ഇതാ ഈ മുറ്റത്ത് പുലിം നരീം കടുവേം വരുവായിരുന്നു. ഞങ്ങട പഴമക്കാർക്ക് നൂറുകണക്കിന് കന്നുകാലികളുണ്ടായിരുന്നു. നരിം പുലീം ശല്യമാകുമ്പോ മാത്രം നായാട്ടും. കാർന്നോമാരായിട്ട് കടുവ ചങ്ങാത്തത്തിലായിരുന്നു. വഴി തെറ്റിയാ കുടിയിലേക്ക് വഴികാട്ടിയിരുന്നത് അവരാ, കടുവകൾ. ഉള്ളതും, ഇല്ലാത്തതും ഞങ്ങൾ ഒരുമിച്ച് പങ്കുവെച്ചാ കഴിഞ്ഞുപോന്നിരുന്നത്. ഇന്നും അങ്ങനെയൊക്കെ തന്നെയാ.' 'ടാറ്റക്കും ബിർളയ്ക്കും ഗാഡ്ഗിൽ റിപ്പോർട്ട് ദോഷം ചെയ്യും. അതാ സർക്കാർ മാറ്റിവെച്ചത്.' കയ്യിലിരുന്ന പത്രം താഴേക്ക് വച്ച് ചന്തുവേട്ടൻ പറഞ്ഞു. 'ഹിമാലയം മുതൽ എല്ലാം മലകളുമായും ബന്ധം പുലർത്തുന്ന സത്യമുള്ള നാടാ. ഇത് നിലനിർത്തണം. കുടിയേറ്റമാ എല്ലാം നശിപ്പിച്ചത്. പച്ചചക്ക തേനിൽ മുക്കിക്കഴിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അതാണ് സുഖം. അസുഖമൊന്നും ഇല്ലായിരുന്ന കാലം. വയനാട് ഒരു പ്രത്യേക സംരക്ഷിത പ്രദേശമാക്കി പ്രഖ്യാപിക്കണം. അതാണ് ഞങ്ങട ആഗ്രഹം.' ചന്തുവേട്ടനും, കോളുവേട്ടനും അഭിപ്രായപ്പെട്ടു. ഈ നാട് നിലനിൽക്കണമെങ്കിൽ കാട് വളരണം. അതുതന്നെയായിരുന്നു യാത്രയിലുടനീളം കാടിനോട് ചേർന്നുകഴിയുന്നവർ ക്കെല്ലാം പറയാനുണ്ടായിരുന്നത്. ജീവിതാനുഭവങ്ങളിലൂടെ അവർ മനസ്സിലാക്കിയ സത്യം. ■